# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *243 | 20.06.2013-ൽ മറുപടിയ്ക്ക് |

### ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണത്തിന് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സംസ്ഥാനത്തെ വിവിധ സംസ്ഥാന പാതകളിലും മറ്റ് പ്രധാന ജില്ലാ റോഡുകളിലും അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഉപരിതലം ശാസ്ത്രീയമായി ബലപ്പെടുത്തി, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി, ഒരു നിശ്ചിത കാലയളവുവരെ ഇതിന്റെ പരിപാലനം കരാറുകാരനെ ഏല്പിക്കുന്നതാണ് ഹെവിമെയിന്റനൻസ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇത് സംസ്ഥാനത്തെ പ്രധാനപ്പെട്ട റോഡുകൾ ഉൾപ്പെട്ട അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു റോഡ് ശൃംഖല ഉണ്ടാകുന്നതിന് സഹായിക്കുന്നു. അതു വഴി യാത്രക്കാർക്ക് സുഗമമായി സഞ്ചാരം ഉറപ്പു വരുത്തുക, യാത്രാസമയം ലാഭിക്കുക, വാഹന പരിപാലനചെലവ് കുറയ്ക്കുക, അപകടങ്ങൾ കുറയ്ക്കുക എന്നിവയും ലക്ഷ്യമിടുന്നു. കൂടാതെ ഈ റോഡുകൾ കേടുപാടുകൾ കൂടാതെ ദീർഘകാലം പരിപാലിയ്ക്കുന്നതും ഉറപ്പ് വരുത്തുന്നു. ഇതിനാൽ |

വർഷംതോറുമുള്ള അറ്റകുറ്റപണികൾ മൂലം വരുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാകുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | ഹെവി മെയിന്റനൻസ് ഉൾപ്പെടുത്തിയുള്ള റോഡ് നിർമ്മാണ രീതി പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന് പുറമെ കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി., ആർ.ഐ.സി.കെ മുതലായ ഏജൻസികൾ വഴിയും ഏറ്റെടുത്തു നടത്തുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) | പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ ശബരിമലയിലേക്കുള്ള പ്രധാനപ്പെട്ട റോഡുകൾ, ഹെവി മെയിന്റനൻസ് സ്കീമിൽ ഉൾപ്പെടുത്തി 5 വർഷത്തെ മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി, ബി.എം & ബി.സി ചെയ്ത് നവീകരിച്ചുവരുന്നു. കൂടാതെ 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ സംസ്ഥാനത്തെ തിരക്കേറിയതും പ്രാധാന്യമുള്ളതുമായ ഉദ്ദേശം 100കി.മീ. റോഡ് 5 വർഷത്തെ ഹെവി മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി പുതുക്കി പണിയുന്നതിനായുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്. കൂടാതെ കെ.എസ്.റ്റി.പി മുഖേന സാങ്കേതിക സാമ്പത്തിക സാദ്ധ്യതാ പഠനം നടത്തി ആദ്യഘട്ടമായി 500 കി.മീ ദൈർഘ്യമുള്ള തിരഞ്ഞെടുത്ത റോഡുകളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ഏജിസ് ഇൻഡ്യ ലിമിറ്റഡ് എന്ന കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ